ഭരണഭാഷ-മാതൃഭാഷ


**പയ്യന്നൂർ മുനിസിപ്പാലിറ്റി**
**പിൻ കോഡ്- 670307 ഫോൺ നമ്പർ : 04985-202067**
**ഇമെയിൽ : secypynr@gmail.com**


**നമ്പർ: 2576951-2025** **തീയതി : 13-08-2025**

പ്രേഷകൻ

സെക്രട്ടറി
പയ്യന്നൂർ മുനിസിപ്പാലിറ്റി

സ്വീകർത്താവ്

കൺവീനർ & ഐ വി ഒ
സിറ്റിസൺ സ്ഥിരം അദാലത്ത് ഉപജില്ല സമിതി 1

സർ,

വിഷയം: പയ്യന്നൂർ നഗരസഭ - റവന്യൂ വിഭാഗം - PMC 23/267 നമ്പർ കെട്ടിടത്തിന്റെ വസ്തു നികുതി കുടിശ്ശിക അടവാക്കാൻ നോട്ടീസ് നൽകിയതിനെ തുടർന്ന് ശ്രീമതി കോച്ചൻ കുന്നുമ്പ്രത്ത് സഹിദ ബഹു മുഖ്യമന്ത്രി മുമ്പാകെ സമർപ്പിച്ച പരാതി - സംബന്ധിച്ച്

സൂചന:
1. ശ്രീമതി കോച്ചൻ കുന്നുമ്പ്രത്ത് സഹിദ ബഹു മുഖ്യമന്ത്രി മുമ്പാകെ സമർപ്പിച്ച പരാതി
2. സിറ്റിസൺ സ്ഥിരം അദാലത്ത് ഉപജില്ല സമിതി 1 ന്റെ 23.06.2025 തിയ്യതിയിലെ യോഗ തീരുമാനം
3. പയ്യന്നൂർ നഗരസഭ ധനകാര്യ സ്ഥിരം സമിതിയുടെ 17.07.2025 തീയ്യതിയിലെ 33 ആം നമ്പർ തീരുമാനം

മേൽ വിഷയത്തിലേക്കും സൂചനകളിലേക്കും അങ്ങയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

പയ്യന്നൂർ നഗരസഭയിൽ ശ്രീമതി കോച്ചൻ കുന്നുമ്പ്രത്ത് സഹിദ എന്നവരുടെ ഉടമസ്ഥതയിലുള്ള PMC 23/267 ( ഓൾഡ് നമ്പർ 27/414/B) നമ്പർ കെട്ടിടത്തിന് 2011-12 രണ്ടാം അർദ്ധ വർഷം മുതലുള്ള വസ്തു നികുതി കുടിശ്ശിക അടവാക്കാൻ ഈ ഓഫീസിൽ നിന്നും ഡിമാൻഡ് നോട്ടീസ് നൽകിയതിനെ തുടർന്ന് ടിയാൾ ബഹു മുഖ്യമന്ത്രി മുമ്പാകെ സൂചന (1) പരാതി നൽകുകയും, ടി പരാതിയുടെ അടിസ്ഥാനത്തിൽ 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 539 (1) പ്രകാരം ടിയാൾക്ക് 2011-12 രണ്ടാം അർദ്ധ വർഷം മുതൽ നികുതി കുടിശ്ശിക അടയ്ക്കുന്നതിന് നൽകിയ ഡിമാൻഡ് നോട്ടീസ് പുന പരിശോധിച്ച് നിയമാനുസൃതം ഈടാക്കാവുന്ന തുക മാത്രം ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതിന് നിർദേശം നൽകി സൂചന (2) പ്രകാരം തീരുമാനം ആകുകയും ചെയ്തിട്ടുള്ളതാണ്.

സൂചന (2) തീരുമാനത്തിന്റെയും സൂചന (3) പ്രകാരമുള്ള പയ്യന്നൂർ നഗരസഭ ധനകാര്യ സ്ഥിരം സമിതി അനുമതിയുടെയും അടിസ്ഥാനത്തിൽ 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 539 (1) പ്രകാരം ശ്രീമതി കോച്ചൻ കുന്നുമ്പ്രത്ത് സഹിദ എന്നവർക്ക് വസ്തു നികുതി

കുടിശ്ശിക ഡിമാൻഡ് നോട്ടീസ് പുന ക്രമീകരിച്ച് നൽകുകയും , ടിയാൾ 2025-26 രണ്ടാം അർദ്ധ വർഷം വരെയുള്ള വസ്തു നികുതി അടവാക്കുകയും ചെയ്ത വിവരം അങ്ങയെ ഇതിനാൽ അറിയിച്ചു കൊള്ളുന്നു.

വിശ്വസ്തതയോടെ

സെക്രട്ടറി

മുനിസിപ്പൽ കൗൺസിൽ പയ്യന്നൂർ